**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 661  24.01.2018 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജത്തിൽ നിന്നുണ്ടാകുന്ന വൈദ്യുതി ഉപഭോഗം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീമതി. വീണാ ജോർജ്ജ് | | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | സൗരോർജ്ജത്തിൽ നിന്നുണ്ടാകുന്ന വൈദ്യുതി ഉപയോഗത്തിനു ശേഷം മിച്ചമുള്ളത് വ്യക്തികളിൽ നിന്ന് കെ.എസ്.ഇ.ബി. ഏറ്റെടുക്കുന്നുണ്ടോ; | (എ) | ഒരു കിലോവാട്ട് മുതൽ ഒരു മെഗാവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സൌരവൈദ്യുത നിലയങ്ങൾക്ക് നെറ്റ് മീറ്ററിംഗ് സംബന്ധിച്ച റെഗുലേഷൻ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉൽപാദകന്റെ ഉപയോഗം കഴിഞ്ഞ് അധികം വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഏറ്റെടുക്കുകയും, ആവശ്യമുള്ള മറ്റു സമയങ്ങളിൽ അത് തിരിച്ചു നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | വൈദ്യുതി ഉപഭോഗം മാതൃകാപരമായി കുറയ്ക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രോത്സാഹനം നല്കാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ യെന്ന് അറിയിക്കാമോ? | (ബി) | വൈദ്യുതി, ഇന്ധന എണ്ണ എന്നിവയുടെ ഉപഭോഗം കാര്യക്ഷമമാക്കി അവയുടെ ഉപയോഗം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ